ന്നു. പക്ഷെ സഭാതലത്തിൽ ജേക്കബിന്റെ സുഖക്കേട് വേറെയാണെന്നൊക്കെ പറയുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ ശരിയായില്ലായെന്ന് ഞാൻ അങ്ങയെ ഓർമപ്പെടുത്തട്ടെ. ഇത്തരത്തിലുള്ള സമീപനം ഗവൺമെന്റ് കൈവെടിയണം. ഒരു വലിയ സ്കീം ഉണ്ടാക്കുമ്പോൾ അതിന്റെ ഉദ്ദേശശുദ്ധി നല്ലനിലയിൽ നടപ്പാക്കാനാണ് നിങ്ങൾക്ക് ഉദ്ദേശമെങ്കിൽ കേരളത്തിലെ ജനങ്ങളെക്കൂടി ബോധ്യപ്പെടുത്തി ആ പരിപാടി ചെയ്യേണ്ടതാണ്. ഈ സഭയിൽ സി.പി.ഐ.(എം.)-ന്റെ കുറച്ച് ആളുകൾക്കൊഴിച്ച് ബാക്കിയാർക്കും ഈ സ്കീമിനെക്കുറിച്ച് യാതൊരു വ്യക്തതയുമില്ല. പോലീസ് സേനയിൽ വ്യക്തതയില്ല. ജനങ്ങൾക്കും വ്യക്തതയില്ല. പോലീസ് സേനയെ രാഷ്ട്രീയവൽക്കരിക്കാനുള്ള നീക്കമാണെന്ന് ഞങ്ങൾ പറഞ്ഞാൽ അങ്ങ് തെറ്റിദ്ധരിക്കരുത്. ഗവൺമെന്റിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിഅംഗവും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. ടി.എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.)

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ഡി.ജി.പി.,ഐ.ജി.പി. മാരുടെ ദേശീയതലയോഗം ആവിഷ്ക്കരിച്ച കമ്മ്യൂണിറ്റി പോലീസ് സ്കീമിനെ സംബന്ധിച്ച പരിശീലനമാണ് ഉദ്യോഗസ്ഥന്മാർക്ക് ഇപ്പോൾ നല്കുന്നത്. അല്ലാതെ കേരളാ പീപ്പിൾസ് പോലീസ് സ്കീം പ്രകാരമുള്ള ട്രെയിനിംഗ് അല്ല. ഇത് ഞാൻ ഒരിക്കലല്ല, രണ്ടുമൂന്നു തവണ പറഞ്ഞു. സഭയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടാണ് ശ്രീ. കാർത്തികേയനും മറ്റ് നേതാക്കൻമാരും ഇവിടെ വിശദീകരിച്ചത്. അവർ ഇവിടെ ദുർവ്യാഖ്യാനമാണ് നടത്തിയത്. കേരളാ പീപ്പിൾസ് പോലീസ് സ്കീം ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായ പദ്ധതിയാണ്. അതിനെക്കുറിച്ച് ചർച്ച നടക്കുന്നതേയുള്ളൂ. ഇവിടെ നടപ്പാക്കുന്നത് അതല്ല. ഏതോ ഒരു പത്രത്തിൽ വന്ന വാർത്ത ഉദ്ധരിച്ചിട്ട് സമയം മുഴുവൻ കളയേണ്ട വല്ല ആവശ്യവുമുണ്ടോ?

(പ്രതിഷേധിച്ച് സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

III. ശ്രദ്ധക്ഷണിക്കൽ

(1) പരിസ്ഥിതി സന്തുലനവും ജൈവവൈവിദ്ധ്യവും നിലനിർത്താൻ വനം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, പരിസ്ഥിതി സന്തുലനവും ജൈവവൈവിദ്ധ്യവും നിലനിർത്താൻ വനം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സഭയുടേയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭൂമിയിൽ ജന്തു-സസ്യജാലകങ്ങളുടെ നിലനിൽപ്പിന് ശുദ്ധജലവും ശുദ്ധവായുവും അത്യന്താപേക്ഷിതമാണ്. പുതിയ സഹസ്രാബ്ദത്തിൽ മാനവരാശി നേരിടാൻപോകുന്ന ഏറ്റവും വലിയ വെല്ലുവിളി ശുദ്ധജലത്തിനും ശുദ്ധവായുവിനും വേണ്ടിയുള്ളതായിരിക്കും. വനസംരക്ഷണത്തിലൂടെ മാത്രമേ മാനവരാശിയുടെ നിലനിൽപ്പുതന്നെ സാധ്യമാകൂ. ജൈവവൈവിധ്യ സമ്പത്തും ജൈവ സാങ്കേതികവിദ്യ ആധാരമാക്കിയുള്ള വികസന പ്രവർത്തനങ്ങളും ഒരു രാഷ്ട്രത്തിന്റെ സമ്പദ്ഘടനയിൽ പരമപ്രധാനമായ

LIBRARY ARCHIVES Kerala Legislative Assembly

പങ്കുവഹിക്കുമെന്നുള്ളത് വസ്തുതയാണ്. അതുപോലെതന്നെ ഓരോ പ്രദേശത്തെയും പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കാത്തതും ദീർഘകാലം നിലനിൽക്കുന്നതുമായ കാർഷിക വ്യാവസായിക വികസന പ്രവർത്തനങ്ങളും ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളും മാത്രമേ കരണീയമായിട്ടുള്ളുവെന്നതും അംഗീകരിക്കപ്പെട്ട വസ്തുതയാണ്. മാറിമാറിവരുന്ന വരൾച്ചയും വെള്ളപ്പൊക്കവും ഉരുൾപൊട്ടലും കൃഷിനാശവുമെല്ലാം മലനിരകളിലെ വനങ്ങൾ നശിപ്പിക്കുന്നതുമൂലമുണ്ടാകുന്ന ദുഷ്ഫലങ്ങളാണ്. വനങ്ങളുടെ ജലസംഭരണശേഷിയും മണ്ണുസംരക്ഷണശേഷിയും അതുല്യങ്ങളാണ്. എത്രത്തോളം മഴവെള്ളം മലയോരങ്ങളിൽ വച്ച് ഭൂഗർഭജലമായി മാറ്റാൻ കഴിയുമോ? അത്രത്തോളം വരൾച്ചയും വെള്ളപ്പൊക്കവും ഉരുൾപൊട്ടലും നിയന്ത്രിക്കാൻ കഴിയും. കൂടാതെ ഊർജ്ജോൽപ്പാദനത്തിനും കാർഷിക വികസനത്തിനും വ്യവസായികാവശ്യങ്ങൾക്കും നിത്യോപയോഗത്തിനും ഉള്ള ജലം സുലഭമായി ലഭിക്കുകയും ചെയ്യും. ഒരു പ്രദേശത്തിന്റെ കാലാവസ്ഥ നിയന്ത്രിക്കുന്നതിലും സമ്പദ്വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിലും അതുവഴി സാമൂഹ്യക്ഷേമം നിലനിർത്തുന്നതിലും വനങ്ങൾക്കുള്ള പങ്ക് വിലമതിക്കാനാവാത്തതാണ്. വനങ്ങളുടെ പ്രാധാന്യവും അനിവാര്യതയും പരിഗണിച്ചുകൊണ്ടാണ് വനങ്ങളേയും വന്യജീവികളെയും പരിസ്ഥിതിയേയും പരിപോഷിപ്പിക്കുന്നതിനും സംരക്ഷിക്കന്നതിനും രാഷ്ട്രം പരിശ്രമിക്കണമെന്ന് നിഷ്ക്കർഷിക്കുന്ന 48(എ) വകുപ്പ് ഭരണഘടനയിൽ 42-ാം ഭേദഗതിപ്രകാരം ഉൾപ്പെടുത്തിയത്. കൂടാതെ ഇതേ ഭേദഗതി പ്രകാരം ഉൾപ്പെടുത്തിയ 51(എ) വകുപ്പിൽ പൗരന്റെ മൗലികമായ കർത്തവ്യങ്ങൾ എടുത്തുപറയുന്നുണ്ട്. 51 (എ) (ജി) വകുപ്പുകൾ പ്രകാരം വനങ്ങൾ, വന്യജീവികൾ, തടാകങ്ങൾ, നദികൾ എന്നിവയേയും പ്രകൃത്യായുള്ള പരിസ്ഥിതിയേയും സംരക്ഷിക്കേണ്ടത് രാഷ്ട്രത്തിന്റേയും എല്ലാ പൗരന്മാരുടേയും മൗലീകമായ ധർമ്മവും കടമയുമാണ്. ഓരോ പൗരനും ഭരണഘടന നൽകുന്ന മൗലികാവകാശത്തിൽ പ്രധാനമാണ് ജീവനും വ്യക്തിസ്വാതന്ത്ര്യത്തിനുമുള്ള അവകാശം. ഈ അവകാശത്തിൽ ജീവിതത്തിനുവേണ്ടി ആരോഗ്യപരമായ പരിസ്ഥിതി ഉൾപ്പെടുമെന്ന് സുപ്രീംകോടതി വ്യക്തമാക്കിയിട്ടുള്ളതും എല്ലാവർക്കുമറിയാവുന്ന വസ്തുതയുമാണ്. ദേശീയതലത്തിൽ നമ്മുടെ വനഭൂമി ആകെയുള്ള വിസ്തൃതിയുടെ 22 ശതമാനം മാത്രമാണ്. എന്നാൽ വനഭൂമിയുടെ വിസ്തൃതി വനനശീകരണംമൂലവും വ്യാപകമായ മരംമുറിക്കൽമൂലവും അനുദിനം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരു മിനിട്ടിൽ 2 ഹെക്ടർ വനഭൂമി എന്ന കണക്കിൽ നശിച്ചുകൊണ്ടിരിക്കുകയാണ്. ഒരു വർഷം ഖജനാവിന് ഈയിനത്തിൽ 16.420 കോടി രൂപയുടെ നഷ്ടമുണ്ടാകും എന്നാണ് കണക്കാക്കിയിരിക്കുന്നത്. കേരളത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 28.63 ശതമാനം വരുന്ന 11,124 ചതു.കി.മി. പ്രദേശം നിക്ഷിപ്ത വനഭൂമി ഉൾപ്പെടെയുള്ള പ്രദേശമാണ് എന്നാണ് വനം വകുപ്പിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. 1995-ൽ എടുത്ത ഉപഗ്രഹഫോട്ടോയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ വനപ്രദേശം 10,337 ച.കി.മി. എന്നാണ് കണ്ടെത്തിയിട്ടുള്ളത്. എന്നാൽ അനിയന്ത്രിതമായ മരംമുറിക്കലും വനം കൈയേറ്റവുംമൂലം കേരളത്തിന്റെ വനവിസ്തൃതി കുറഞ്ഞുവരുന്നു. കേരളത്തിൽ രണ്ട് ലക്ഷം ഹെക്ടറിലധികം വരുന്ന വനഭൂമി പാട്ട വ്യവസ്ഥയിൽ സ്വകാര്യ വ്യക്തികളുടെ കൈവശം ഉണ്ടായിരുന്നു. രാജവാഴ്ചക്കാലത്ത് കൊല്ലങ്കോട്, കൊച്ചി, തിരുവിതാംകൂർ രാജാക്കന്മാർ തുച്ഛമായ തുകയ്ക്കും പാട്ടത്തിന് നൽകിയിട്ടുള്ള ഈ വനഭൂമി കാലാന്തരത്തിൽ ജന്മി-കുടിയാൻ വ്യവസ്ഥയിൽ തങ്ങ

[12 Noon]

LIBRARY ARCHIVES Kerala Legislative Assembly

ളുടെ സ്വന്തം ഭൂമിയാണെന്ന് വ്യാഖ്യാനിച്ച് അവർ കൈവശം വച്ചിരിക്കുക യാണ്. ഇതിൽ സ്വകാര്യ എസ്റ്റേറ്റുകൾ പട്ടയ ഭൂമി എന്ന പേരിലാണ് അറിയ പ്പെടുന്നത് എങ്കിലും പട്ടയം കൊടുത്തിട്ടുള്ളതിന്റെ രേഖകളൊന്നും കാണു ന്നില്ല. 1970-ലെ ഭൂപരിഷ്ക്കരണ നിയമപ്രകാരം കൈവശക്കാർക്ക് പട്ടയം ലഭിക്കുന്നതിന് ലാന്റ് ബോർഡിൽ റിട്ടേൺസ് കൊടുത്ത് എക്സംപ്ഷൻ വാങ്ങണമായിരുന്നു. എന്നാൽ ആരും അതിനു തയ്യാറായിട്ടില്ല. എസ്റ്റേറ്റുകൾ ആദ്യം പാട്ടത്തിനു കൊടുത്തിരുന്ന ആളുകളുടെ പേരിലാണ് ഇപ്പോഴും പാട്ടം ഒടുക്കുന്നതെങ്കിലും ആദ്യ പേരുകാരന് കൈവശാവകാശം വച്ച് അനവധി തവണ കൈമാറ്റം ചെയ്തിരിക്കുകയാണ്. അനധികൃതമായി നടന്ന അത്തരം കൈമാറ്റങ്ങളുടെ അടിസ്ഥാനത്തിൽ ലീസുകൾ ഒരു നോട്ടിഫിക്കേഷൻവഴി റദ്ദ് ചെയ്ത് പ്രസ്തുത ഭൂമി ഗവൺമെന്റിനു ഏറ്റെടുക്കാവുന്നതാണ്. സുപ്രീം കോടതിയും കേരളത്തിനു വെളിയിലുള്ള ചില ഹൈക്കോടതികളും വനം സംരക്ഷണത്തിനായി നിരവധി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കേരള ഹൈക്കോടതിയിൽ വനസംരക്ഷണവുമായി ബന്ധപ്പെട്ട കേസുകളിൽ വനം കൈയേറ്റക്കാർക്ക് അനുകൂലമായ ഉത്തരവുകളാണ് ഉണ്ടായിക്കൊണ്ടിരി ക്കുന്നത്. സംസ്ഥാന ഗവൺമെന്റിനുവേണ്ടി വാദിക്കുന്ന സർക്കാർ വിഭാഗം വക്കീലൻമാർ വരുത്തുന്ന ബോധപൂർവ്വമായ വീഴ്ചയും ക്രമക്കേടുമാണ് കൂടു തൽ കോടതി വിധികളും സർക്കാരിനു പ്രതികൂലമായി വരാൻ കാരണമായിട്ടു ള്ളത്. വന സംബന്ധമായ കേസുകളിൽ സർക്കാർ ഭാഗം പരാജയപ്പെടാൻ ഇടയായ കാര്യങ്ങളെ സംബന്ധിച്ച് സുപ്രീംകോടതിയിലെ ഒരു ജഡ്ജിയെ ക്കൊണ്ട് അന്വേഷിപ്പിക്കുവാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെ ന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. 1971-ലെ Kerala Private Forests (Vesting and assignment) Act-അനുസരിച്ച് സർക്കാരിന്റെ കൈവശം വന്ന ആയിരക്ക ണക്കിന് ഏക്കർ നിക്ഷിപ്ത വനഭൂമി വീണ്ടും സ്വകാര്യ വ്യക്തികളുടെ കൈക ളിലേയ്ക്ക് പോകുന്ന അപകടകരമായ സാഹചര്യമാണ് കേരളത്തിൽ നില നിൽക്കുന്നത്. 1971-ലെ നിക്ഷിപ്ത വനഭൂമി ഏറ്റെടുക്കൽ നടപടിയെ തുടർന്ന് തോട്ടം ഉടമസ്ഥൻമാർക്ക് ഭൂമി തിരിച്ചു കിട്ടാൻ വേണ്ടി ഫോറസ്റ്റ് ട്രൈബ്യൂ ണൽ ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നു. ഹൈക്കോടതി നിയമിച്ച കമ്മി ഷൻ ഭൂമി പരിശോധിച്ച് കൃഷി സ്ഥലമാണെന്ന് റിപ്പോർട്ട് ചെയ്തതോടുകൂടി 1980-ൽ ഇവയെല്ലാം തിരിച്ചുകൊടുക്കുവാൻ ഉത്തരവായി. ഇതിനകം 640 കേസുകളിലായി 11,476.86 ഏക്കർ സ്ഥലം സ്വകാര്യ വ്യക്തികൾ കൈവശപ്പെ ടുത്തിക്കഴിഞ്ഞു. വീണ്ടും 1,066 കേസുകളിലായി 13,268.9 ഏക്കർ സ്ഥലം വിട്ടു കൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. വലിയ ജന്മി ആയിരുന്ന മണ്ണാർക്കാട് മൂപ്പിലാന്മാരുടെ കൈവശം ഉണ്ടായിരുന്ന വനഭൂമിയിന്മേലാണ് ഏറെ പേർ അവകാശം ഉന്നയിക്കുന്നത്. മൂപ്പിലാന്മാരുടെ കാര്യസ്ഥൻ പതിച്ചുകൊടുത്ത ഭൂമിക്ക് നിയമസാധുത ഇല്ലെന്നാണ് വിധി. എന്നാൽ ഇത് സുപ്രീംകോടതി യിൽ ചോദ്യം ചെയ്യപ്പെട്ടപ്പോൾ കൈവശക്കാർക്ക് അനുകൂലമായി വിധിയു ണ്ടായി. വൻതോതിൽ വനഭൂമി നഷ്ടപ്പെട്ട സാഹചര്യത്തിൽ ഒരു ഓർഡി നൻസ് വഴി ഇവയെല്ലാം ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ ആലോചിച്ച തായി ഞാൻ മനസ്സിലാക്കുന്നു. 9 മാസങ്ങൾക്ക് മുമ്പ് ഇതു സംബന്ധിച്ച ഒരു ഓർഡിനൻസ് കൊണ്ടുവന്നു എങ്കിൽപ്പോലും നിയമം പാസ്സാക്കാൻ കഴിഞ്ഞി ല്ല. ഇതിന്റെ ഫലമായി 25,000-ൽ പരം ഏക്കർ വനഭൂമിയാണ് നഷ്ടപ്പെ ടാൻപോകുന്നത്. ഞാൻ ചെയർമാനായിരുന്ന നിയമസഭാ പരിസ്ഥിതി കമ്മിറ്റി നെല്ലിയാംപതിയിലെ വനനശീകരണം സംബന്ധിച്ച് പഠിച്ചതിന്റെ അടിസ്ഥാന ത്തിൽ കേരളത്തിലെ വന മേഖല ആകെ സംരക്ഷിക്കുന്നതിന് ഒരു റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭയിൽ 1997-ൽ സമർപ്പിച്ചിരുന്നു. നേരത്തെ ഞാൻ പറഞ്ഞതുപോലെ രണ്ട് ലക്ഷത്തിലേറെ ഹെക്ടർ വനഭൂമി സ്വകാര്യ പട്ടയ ഉടമകളുടെ കൈയിൽ ഇരിക്കുകയാണ്. ഒന്നര രൂപ മുതൽ അഞ്ച് രൂപ വരെയാണ് പട്ടയ പതിപ്പുകാർ ലീസ് റെന്റായി ഗവൺമെന്റിനു കൊടുക്കുന്നത്. അതേസമയം ഇലക്ട്രിസിറ്റി ബോർഡും ഫാമിംഗ് കോർപ്പറേഷനും ഒരു വർഷം 500 കോടി യിലേറെ രൂപ ഖജനാവിലേയ്ക്ക് നൽകുന്നുണ്ട്. ഗവൺമെന്റ് നിയമം പാസ്സാ ക്കിയാൽപ്പോലും ഇൻഡ്യൻ പ്രസിഡന്റിന്റെ മുമ്പിൽ വലിയ സമ്മർദ്ദം ചെലുത്തി അത് നടപ്പിലാക്കാതിരിക്കുന്നതിനുള്ള ശ്രമങ്ങൾ വനലോബി നട ത്തിക്കൊണ്ടിരിക്കുകയാണ്. ആ നിയമം നടപ്പിലാക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളാ ഫോറസ്റ്റ് ആക്ട് കാലാനുസൃതമായി ഭേദഗതി ചെയ്യണം. ഇക്കോളജിക്കലി സെൻസിറ്റീവായിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുവാനുള്ള നിയമം ഈ സഭ യിൽത്തന്നെ പാസ്സാക്കുവാൻ നടപടി സ്വീകരിക്കണം. ഗ്രാന്റ് ആന്റ് ലീസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ആക്ട് അനുസരിച്ച് പാട്ടം പുതുക്കി നിശ്ചയിക്കുകയും അത് ഏകീകരിക്കുകയും ചെയ്യണം. പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുള്ള വനഭൂമിയിൽ നിന്ന് മരം മുറിക്കുന്നത് കർശനമായി തടയ ത്തക്ക നിലയിൽ നിയമഭേദഗതി ഉണ്ടാകണം. പാട്ടക്കാലാവധി കഴിയുന്ന തോട്ടങ്ങൾ ഏറ്റെടുക്കണം. കാലാവധി നിശ്ചയിക്കാതെ കൊടുത്തിട്ടുള്ള തോട്ടങ്ങൾ കാലാവധി നിശ്ചയിച്ച് ഏറ്റെടുക്കണം. പാട്ടത്തിനു കൊടുത്ത ഭൂമി യിൽ കൃഷി ചെയ്യാതെ കിടക്കുന്ന ഭൂമി ഉടൻ ഏറ്റെടുക്കണം. അതുപോലെ നഷ്ടപ്പെട്ട ഭൂമി ഏറ്റെടുക്കാൻ ആവശ്യമായ നിയമ നടപടി സ്വീകരിക്കണം. ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമം അടിയന്തി രമായി കൊണ്ടുവരണം. ആരോഗ്യപ്പച്ച, സർപ്പഗന്ധി തുടങ്ങിയ അമൂല്യ ആരോഗ്യ സസ്യങ്ങൾ സംരക്ഷിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരി ക്കണം. പരിസ്ഥിതി സംബന്ധമായ കേസുകൾ കൈകാര്യം ചെയ്യുന്നതിന് സുപ്രീം കോടതിയുടെ മാതൃകയിൽ ഒരു ഗ്രീൻ ബഞ്ച് സ്ഥാപിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് മുൻകൈ എടുക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുക യാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, പരി സ്ഥിതി കമ്മിറ്റിയുടെ 1996-1998 കാലയളവിലെ ഏഴാമത് റിപ്പോർട്ടിൽ 18 ശുപാർശകളാണ് മുന്നോട്ട് വച്ചിട്ടുള്ളത്.

പ്രകൃതി സംരക്ഷണത്തിൽ മുഖ്യപങ്ക് വഹിക്കുന്ന വനമേഖല സംര ക്ഷിക്കുന്നതിനു സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നവയാണ്. വനസംര ക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ വാഹനങ്ങൾ, ആയുധ ങ്ങൾ, വാർത്താവിനിമയ സൗകര്യങ്ങൾ എന്നിവ സംരക്ഷണ വിഭാഗം ജീവന ക്കാർക്ക് നൽകുകയും നിലവിലുണ്ടായിരുന്ന ഒഴിവുകൾ നികത്തുകയും ജീവ നക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സുപ്രീം കോടതിയുടേയും ഹൈക്കോടതിയുടേയും നിർദ്ദേശങ്ങൾ അനുസരിച്ച് വനത്തിനുള്ളിൽ മരംവെട്ട് കർശനമായി നിയന്ത്രിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കുന്നു ണ്ടോയെന്ന് ഉറപ്പുവരുത്തുകയും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ അച്ചടക്ക-ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പഴയ രാജകുടുംബങ്ങൾ പാട്ടമായും പട്ടയമായും കൊടുത്തിട്ടുള്ള വനഭൂമിക ളിൽ പരിസ്ഥിതി, ജൈവവൈവിദ്ധ്യ സംരക്ഷണം എന്നിവയ്ക്ക് പ്രാധാന്യ

LIBRARY ARCHIVES Kerala Legislative Assembly

മുള്ള പ്രദേശങ്ങൾ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനായി ഒരു നിയമം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ കോടതി ഉത്തരവ് അനുസരിച്ച്, വിട്ടുകൊടുത്തിട്ടുള്ളതും ഇനി വിട്ടുകൊടുക്കാനുള്ളതുമായ ഭൂപ്രദേശങ്ങളും സർക്കാരിൽ നിക്ഷിപ്തമാക്കാൻ ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇപ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്ന ഭൂമിക്ക് യാതൊരു നഷ്ടപരിഹാരവും കൊടുക്കുവാൻ കഴിയില്ല. തന്നെയുമല്ല ഈ സ്ഥലങ്ങൾക്ക് റിസർവ് ഫോറസ്റ്റിന്റെ പദവി നൽകുന്നതുകൊണ്ട് കേരള ഫോറസ്റ്റ് ആക്ട് ബാധകമാകും. ഏതെല്ലാം സ്ഥലങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽവരും എന്ന് തിട്ടപ്പെടുത്തി സർക്കാരിന് ശുപാർശ നൽകുന്നതിന് ഉദ്യോഗസ്ഥൻമാർ, ശാസ്ത്രജ്ഞർ, സർക്കാരിതര സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവർ അടങ്ങുന്ന ഒരു ഉപദേശക സമിതിയെ നിയമിക്കാനും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു. വനത്തിനുള്ളിലും സ്വകാര്യ ഭൂമിയിലുമുള്ള റോഡുകൾ പൊതുജനങ്ങൾക്ക് യഥേഷ്ടം ഉപയോഗിക്കുവാൻ ഉതകുന്ന വിധത്തിൽ നിയമനിർമ്മാണം നടത്തണം എന്നുള്ള ശുപാർശ വിവിധ വകുപ്പുകളുമായി ചർച്ചചെയ്ത് തീരുമാനം എടുക്കേണ്ട ഒന്നാണ്. എന്നാൽ വനത്തിൽക്കൂടിയുള്ള റോഡുകളിൽ പൊതുജനങ്ങൾക്ക് യഥേഷ്ടം സഞ്ചാര സ്വാതന്ത്ര്യം അനുവദിച്ചാൽ അത് വനസംരക്ഷണത്തേയും വന്യജീവി സംരക്ഷണത്തേയും പ്രതികൂലമായി ബാധിക്കുകയും അവയുടെ വംശ നാശത്തിനുതന്നെ കാരണമായിത്തീരുകയും ചെയ്യും. സ്വകാര്യ വ്യക്തിയുടെ കൈവശമുള്ള നെല്ലിയാംപതി കരുണ പ്ലാന്റേഷനിലൂടെയുള്ള റോഡിൽ ഏർപ്പെടുത്തിയിരുന്ന ടോൾ സമ്പ്രദായം നിർത്തലാക്കി. സുപ്രീംകോടതിയുടെ 12.12.1996-ലെ 202/95 നമ്പർ കേസ്സിലെ വിധിപ്രകാരം വനം എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്ന ഏതു ഭൂമിയിൽ നിന്നും മരങ്ങൾ മുറിക്കുന്നത് കർശനമായി നിയന്ത്രിച്ചിട്ടുണ്ട്. സ്വകാര്യ ഭൂമിയിൽനിൽക്കുന്ന എല്ലാ മരങ്ങളും സർക്കാരിന്റെ അനുവാദമില്ലാതെ മുറിക്കുന്നത് നിരോധിക്കാൻ വ്യവസ്ഥ ചെയ്യുന്നത് പ്രായോഗികമല്ല. തന്നെയുമല്ല ഇപ്രകാരം ഒരു നിബന്ധന പ്രാവർത്തികമാക്കിയാൽ സ്വകാര്യവ്യക്തികൾ അവരുടെ ഭൂമിയിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിൽ വൈമുഖ്യം കാണിക്കും. വിവിധ കോടതികളിൽ സ്വകാര്യ വ്യക്തികൾക്ക് അനുകൂലമായി വിധി വന്നിട്ടുള്ള കേസ്സുകളിൽ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും അപ്പീൽ കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന സമിതിയുടെ ശുപാർശ നടപ്പിലാക്കിയിട്ടുണ്ട്. ചില കേസ്സുകളിൽ സർക്കാർ താല്പര്യം സംരക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയ സർക്കാർ വക്കീലൻമാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് ഫോറസ്റ്റ് ട്രൈബ്യൂണൽ ഫയൽ ചെയ്തിരുന്ന ഒ.എ.207/81 കേസ്സിൽ സർക്കാർ അഭിഭാഷകനായ ശ്രീ.ധർമ്മരത്നം കേസ് നടത്തിപ്പിൽ വീഴ്ചവരുത്തിയതായി കണ്ടെത്തി. ടിയാനെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കോഴിക്കോട് ജില്ലാകളക്ടർക്കും അഡ്വക്കേറ്റ് ജനറലിനും 19.8.1996-ലെ 1553/92/വനം സർക്കാർ കത്ത് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. തൃശ്ശൂർ സബ് കോടതിയിലെ ഒ.എസ്. 1222/94 കേസ്സിൽ സർക്കാർ അഭിഭാഷകൻ യഥാസമയം ഹാജരാകാത്തതിനാൽ എതിർകക്ഷിക്ക് അനുകൂലമായി കേസ്സിൽ വിധിയുണ്ടായി. ഈ കേസ്സിൽ ടിയാനെതിരെ നടപടി എടുക്കണമെന്ന് തൃശ്ശൂർ ജില്ലാ കളക്ടറോട് തൃശ്ശൂർ ഡി.എഫ്.ഒ. അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ വക്കീലൻമാർ വനം കേസ്സുകളിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കാത്തതിനാൽ വനം കേസ് നടത്തിപ്പിനായി ഒരു പ്രത്യേക ഗവൺമെന്റ് പ്ലീഡറെ ഹൈക്കോടതിയിൽ സർക്കാർ നിയമിച്ചു. ഈ ഗവൺമെന്റ് പ്ലീഡറെ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കുന്നതിനായി ഒരു അഡീഷണൽ ഗവൺമെന്റ് പ്ലീഡറേയും നിയമിച്ചിട്ടുണ്ട്. കൂടാതെ വിദഗ്ധരായ വക്കീലൻമാരുടെ ഒരു പാനൽ ഉണ്ടാക്കി അതിൽ നിന്നും പ്രഗല്ഭരായ ആൾക്കാരെ നിയമിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. സർക്കാർ വക്കീലന്മാരുടെ പ്രവർത്തനം അഡ്വക്കേറ്റ് ജനറൽ കാലാകാലങ്ങളിൽ വിലയിരുത്തുന്നുണ്ട്.

സ്വകാര്യവ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകിയ വനഭൂമിയുടെ പാട്ടനിരക്കും പൊതുമേഖലാസ്ഥാപനങ്ങൾക്ക് നൽകുന്ന വനഭൂമിയുടെ പാട്ട നിരക്കും തമ്മിൽ ഗണ്യമായ അന്തരം ഉള്ളതായി സർക്കാരിന് ബോധ്യമായതിനെത്തുടർന്ന് പാട്ടനിരക്കിലുള്ള അന്തരം ഒഴിവാക്കുന്നതിനായി ഗ്രാന്റ്സ് ആന്റ് ലീസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ആക്ടിന് 1980-ൽ ഒരു ഭേദഗതി കേരള നിയമസഭ പാസ്സാക്കുകയും അത് ഇന്ത്യൻ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയുമാണ്. ഇപ്പോൾ ഹെക്ടർ ഒന്നിന് 1300 രൂപയാണ് പൊതുമേഖലാസ്ഥാപനങ്ങളിൽനിന്നും പ്രതിപക്ഷം പാട്ടത്തുകയായി ഈടാക്കുന്നത്. പാട്ടഭൂമിയിലെ അനധികൃത കൈമാറ്റങ്ങൾക്ക് നിയ സാധുത നൽകിക്കൊണ്ടും തുടർന്ന് 20 വർഷത്തേയ്ക്ക് പാട്ടക്കാലാവധി ദീർഘിപ്പിച്ചുകൊണ്ടും പാട്ടവാടക 250 രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും ഇറക്കിയ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.)83/95/വനം തീയതി 07.11.1995 റദ്ദാക്കിയിട്ടുണ്ട്. പാട്ടക്കാലാവധി കഴിഞ്ഞ വനഭൂമി ഏറ്റെടുക്കുന്നതിൽ ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് വിശദമായ അന്വേഷണം നടത്തിയെങ്കിലും ഉദ്യോഗസ്ഥന്മാരുടെ ഭാഗത്ത് വീഴ്ചയുള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വനം വകുപ്പിൽ നിന്നും സ്വകാര്യ എസ്റ്റേറ്റുകൾക്ക് ചെക്ക്ഡാം നിർമ്മിക്കുന്നതിനും കൃഷിക്കും മറ്റുമായി യാതൊരു ധനസഹായവും നൽകിയിട്ടില്ല. മരം മുറിക്കുന്നത് കർശനമായി തടഞ്ഞിട്ടുണ്ട്. ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായാൽ ഉടൻതന്നെ കുറ്റക്കാരുടെ പേരിൽ കേസ്സെടുത്ത് തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. കാപ്പി, ഏലം തോട്ടങ്ങളിൽ തണൽ ക്രമീകരണം നടത്തുന്നത് കേരള വൃക്ഷ സംരക്ഷണ നിയമപ്രകാരം നിയന്ത്രിച്ചിട്ടുണ്ട്. തണൽ ക്രമീകരണത്തിന്റെ പേരിൽ വനം കൊള്ള നടക്കാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും കൈക്കൊണ്ടിട്ടുണ്ട്. മരം മുറിച്ച് മാറ്റപ്പെട്ട സ്ഥലങ്ങളിൽ പുതിയതായി വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കാലാവധി കഴിഞ്ഞ റോസറി എസ്റ്റേറ്റ് ഇപ്പോൾ വനം വകുപ്പിന്റെ അധീനതയിലാണ്. പാട്ടക്കാലാവധി കഴിഞ്ഞ ക്ളിഫ് വ്യൂ എസ്റ്റേറ്റ് കോടതി വിലക്കുമൂലം ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. കാലാവധി കഴിയുന്ന മുറയ്ക്ക് മറ്റുള്ള എസ്റ്റേറ്റുകളുടെ കാര്യത്തിൽ സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. എസ്റ്റേറ്റുകൾ സർക്കാർ ഏറ്റെടുത്ത് പരിപാലിക്കുന്നതുമൂലം തൊഴിലാളികൾക്ക് തൊഴിൽനഷ്ടം ഉണ്ടാക്കുന്നതല്ല. രാസവളം, കീടനാശിനി ഇവ അമിതമായി ഉപയോഗിക്കുന്നതു തടയാൻവേണ്ട ബോധവൽക്കരണം നടത്തുന്നുണ്ട്. വനപ്രദേശങ്ങളിൽ എല്ലാത്തരം വേട്ടയാടലുകളും അപൂർവ്വ സസ്യങ്ങളുടെ ശേഖരണവും കർശനമായി നിരോധിച്ചിട്ടുണ്ട്. ഇതിന് വിരുദ്ധമായ സംഭവങ്ങളുണ്ടായാൽ വന്യജീവി സംരക്ഷണ നിയമപ്രകാരവും വനം നിയമമനുസരിച്ചും കുറ്റക്കാർക്കെതിരെ കേസ്സെടുക്കാറുണ്ട്. അനധികൃത മരംമുറി, വനനശീകരണം, അനധികൃത വേട്ടയാടൽ എന്നിവ സംബന്ധിച്ച് വിവരം നൽകുന്നവർക്കും ഇതു തടയാൻ ശുഷ്ക്കാന്തി കാണിക്കുന്ന ഉദ്യോഗസ്ഥൻമാർക്കും പാരിതോഷികങ്ങൾ നൽകുന്നുണ്ട്. 1971-ലെ കേരള സ്വകാര്യ വനം (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) നിയമമനുസരിച്ച് 190,672.935 ഹെക്ടർ വനഭൂമി സർക്കാരിൽ നിക്ഷിപ്തമായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട്. വിവിധ കോടതികളിൽ നിന്നും അനുകൂലമായ വിധി ലഭിച്ച വ്യക്തികൾക്ക് 639 കേസ്സുകളിലായി 4581.61 ഹെക്ടർ വനഭൂമി 1973 മുതൽ 1998 വരെയുള്ള കാലയളവിൽ തിരികെ നൽകിയിട്ടുണ്ട്. കോടതി വിധി ഉണ്ടായിട്ടുള്ള 1066 കേസ്സുകളിൽപ്പെട്ട 5350.03 ഹെക്ടർ നിക്ഷിപ്ത വനഭൂമി ഇനിയും വിട്ടു കൊടുക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ ഒന്നേകാൽ വർഷക്കാലയളവിൽ സ്ഥലം വിട്ടുകൊടുക്കാനുള്ള ഉത്തരവുകളൊന്നും സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ ഇപ്രകാരം വിട്ടുകൊടുക്കേണ്ടതായ ഭൂമിയും വിട്ടുകൊടുത്തതിൽ പാരിസ്ഥിതിക-ജൈവ വൈവിദ്ധ്യമൂല്യങ്ങളുമുള്ള ഭൂമികളും നഷ്ടപരിഹാരം കൂടാതെ സർക്കാരിൽ നിക്ഷിപ്തമാകുന്നതിനായി കേരളാ ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയാസ്) എന്ന പേരിൽ ഒരു നിയമനിർമ്മാണം നത്തുന്നതിനുള്ള നടപടി ധൃതഗതിയിൽ നടന്നുവരുന്നു. വനം കൊള്ളക്കാരും സർക്കാർ വക്കീലൻമാരും ചേർന്ന് ഒരു മാഫിയാ സംഘം വനഭൂമി നഷ്ടപ്പെടുത്തുന്നതിന്റെ പിന്നിൽ പ്രവർത്തിക്കുന്നുവെന്ന് മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അതു പരിശോധിച്ചുവരുന്നു. ഇതിന് ആധാരമായി തെളിവുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. കേരളാ ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയാസ്) എന്ന നിയമം പ്രാബല്യത്തിൽ വരുന്നതോടെ കോടതി വിധിമൂലം വിട്ടുകൊടുക്കേണ്ടതായ 5350.03 ഹെക്ടർ നിക്ഷിപ്തവനഭൂമിയും നഷ്ടപ്പെട്ട പാരിസ്ഥിതിക മൂല്യങ്ങളുള്ള വനപ്രദേശങ്ങളും സർക്കാർ അധീനതയിലാകുന്നതാണ്.

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, സുപ്രീംകോടതിയിലും കേരളത്തിന് വെളിയിലുള്ള വിവിധ ഹൈക്കോടതികളിലും വനം സംരക്ഷിക്കുന്നതിന് ശക്തമായ ചില വിധികളുണ്ടായിട്ടുണ്ട്. 1980 മുതൽ കേരളാ ഹൈക്കോടതിയിലുണ്ടായിട്ടുള്ള വനം സംബന്ധമായ എല്ലാ കേസുകളിലും വനംകയ്യേറ്റക്കാർക്ക് അനുകൂലമായിട്ടാണ് വിധിയുണ്ടായിരിക്കുന്നത്. ഇങ്ങനെ നഷ്ടപ്പെട്ടുപോയ വനഭൂമി വീണ്ടെടുക്കാനും ഇങ്ങനെ നടന്ന കേസുകൾ സംബന്ധിച്ച് സുപ്രീംകോടതി ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാനും വനം സംബന്ധമായ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് സുപ്രീംകോടതിയിലുള്ളതുപോലെ ഹൈക്കോടതിയിൽ ഒരു ഗ്രീൻ ചാനൽ ഉണ്ടാക്കുന്നതിനും സംസ്ഥാന ഗവൺമെന്റ് മുൻകൈ എടുക്കുമോ?

ശ്രീ. സി.കെ. നാണു : സംസ്ഥാന ഗവൺമെന്റിന്റെ നയമെന്നുപറയുന്നത് വനം സംരക്ഷിക്കുക എന്നുള്ളതാണ്. കഴിഞ്ഞ കാലത്ത് സർക്കാരിന്റെ വനംവകുപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും മേഖലയിൽ അതിനു വിരുദ്ധമായി എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് സത്വരമായ നടപടികൾ വനം സംരക്ഷണത്തിനുവേണ്ടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : ഇന്ന് 12.00 മണിക്ക് കൂടാൻ നിശ്ചയിച്ചിരുന്ന ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ മീറ്റിംഗ് 12.30-ന് ആകാം. നാളെ പറ്റില്ല. ഇന്നത്തെപ്പോലെ ഫ്രീ ടൈം നാളെ കിട്ടുകയില്ല. അതുകൊണ്ട് ഇന്ന് കൂടുന്നതാണ് നല്ലത്.

(2) എല്ലാ ഹൈസ്കൂളുകളിലും ഹയർസെക്കണ്ടറി കോഴ്സുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോണി നെല്ലൂർ : സർ, കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലുണ്ടായിരിക്കുന്ന പ്രതിസന്ധി കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly